"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് സെക്രട്ടറിയുടെ നിലവിലുള്ള ഔദ്യോഗിക വാഹനം replace ചെയ്ത് 10 ലക്ഷം രൂപ Ex-showroom price വരുന്ന പുതിയ വാഹനം 5475-00-800-74-00-21-01-PV എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.50/2026/POWER തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. 16.06.2025 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 01.09.2025 തീയതിയിലെ സിഇഐ/4818/2024-ജി1, 08.12.2025 തീയതിയിലെ സിഇഐ/2769/2025-ജി1 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിങ് ബോർഡ് സെക്രട്ടറിയുടെ ഔദ്യോഗിക ഔദ്യോഗിക വാഹനമായ ടാറ്റ ഇൻഡിക്ക - KL 01 AZ 9392-ന്റെ 28.11.2025-ന് 15 വർഷത്തെ രജിസ്ട്രേഷൻ പൂർത്തിയാകുന്നതിനാൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 70-ലെ ശിപാർശ പ്രകാരവും സൂചന 1. പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗ നിർദ്ദേശ പ്രകാരവും ടി വാഹനത്തിന് പകരം 10 ലക്ഷം രൂപ Ex-showroom price വരുന്ന പുതിയ വാഹനം മീറ്റർ ടെസ്റ്റിങ്ങ് ആന്റ് സ്റ്റാന്റേൻഡേർഡ്സ് ലാബോറട്ടറിയുടെ നവീകരണ പദ്ധതി - മരാമത്ത് പണികൾ (ശീർഷകം:4810-00-800-99) എന്ന പ്ലാൻ പദ്ധതിയിൽ 2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 671 ലക്ഷം രൂപയിൽ നിന്നു വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2.പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ നടപ്പ് വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 100 കോടി രൂപ പഴയ വാഹനങ്ങൾ replace ചെയ്യുന്നതിന് പ്രഖ്യാപിക്കുകയും, ആയതിലേയ്ക്ക് 5475-00-800-74-00-21-01-PV-Fund for replacing Phased Out Government Vehicles എന്ന ശീർഷകം തുറക്കുകയും, SDG യിൽ ടോക്കൺ വകയിരുത്തുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കേരള സ്റ്റേറ്റ് ലൈസൻസിങ്

ബോർഡ് സെക്രട്ടറിയ്ക്ക് നിലവിലുള്ള ഔദ്യോഗിക വാഹനം replace ചെയ്ത് 10 ലക്ഷം രൂപ Ex-showroom price വരുന്ന പുതിയ വാഹനം 5475-00-800-74-00-21-01-PV-Fund for replacing Phased Out Government Vehicles എന്ന ശീർഷകത്തിൽ ഉൽപ്പെടുത്തി വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതി വഴി തുക ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.മനോജ് കുമാർ
ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ധനകാര്യ (I&PW-A) വകുപ്പ് (e-3329583/I&PW-A2/564/2025-FIN dated 10.12.2025)
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Manoj S
Date: 13-03-2026 10:46:35

സെക്ഷൻ ഓഫീസർ